**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 645** **09-06-2021 - ൽ മറുപടിയ്ക്ക്**

**കടക്കാട്ടുപാറ ആല്ലുംകടവ് റെഗുലേറ്റർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ കടക്കാട്ടുപാറ ആല്ലുംകടവ് റെഗുലേറ്റർ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ കടക്കാട്ടുപാറ ആല്ലുംകടവ്റെഗുലേറ്റർ പദ്ധതിക്ക് വേണ്ടിയുള്ള രൂപകൽപന തയ്യാറാക്കുവാനുള്ള ഒരു പ്രൊപ്പോസൽ 03/03/2021-ന്ചീഫ്എഞ്ചിനീയർ (ഐ.ഡി.ആർ.ബി) യുടെ കാര്യാലയത്തിൽ നൽകിയിരുന്നുവെങ്കിലും രൂപകൽപ്പന ചെയ്യുവാൻ ആവശ്യമായ എല്ലാ വിവരങ്ങളും പ്രസ്തുത പ്രൊപ്പോസലിൽ ലഭ്യമാക്കിയിരുന്നില്ല. ആകയാൽ ആവശ്യമായ അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ ഫീൽഡ് കാര്യാലയങ്ങളോട് ആവശ്യപ്പെട്ടിരിക്കുക യാണ്. ടി വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ രൂപകൽപ്പന മുൻഗണനാക്രമത്തിൽ IDRB-ൽ നിന്നും പൂർത്തീകരിച്ച DPR തയ്യാറാക്കി ഭരണാനുമതിയ്ക്കായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നിലവിൽ ഐ.ഡി.ആർ.ബി യിൽ ഉള്ള പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലിന് എത്രയും വേഗം അംഗീകാരം നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | വള്ളിക്കുന്ന് മണ്ഡലത്തിലെ കടക്കാട്ടുപാറ ആല്ലുംകടവ്റെഗുലേറ്റർ പദ്ധതിക്ക് വേണ്ടിയുള്ള രൂപകൽപന തയ്യാറാക്കുവാനുള്ള ഒരു പ്രൊപ്പോസൽ 03/03/2021-ന്ചീഫ്എഞ്ചിനീയർ (ഐ.ഡി.ആർ.ബി) യുടെ കാര്യാലയത്തിൽ നൽകിയിരുന്നുവെങ്കിലും രൂപകൽപ്പന ചെയ്യുവാൻ ആവശ്യമായ എല്ലാ വിവരങ്ങളും പ്രസ്തുത പ്രൊപ്പോസലിൽ ലഭ്യമാക്കിയിരുന്നില്ല. ആകയാൽ ആവശ്യമായ അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ ഫീൽഡ് കാര്യാലയങ്ങളോട് ആവശ്യപ്പെട്ടിരിക്കുക യാണ്. ടി വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ രൂപകൽപ്പന മുൻഗണനാക്രമത്തിൽ IDRB-ൽ നിന്നും പൂർത്തീകരിച്ച DPR തയ്യാറാക്കി ഭരണാനുമതിയ്ക്കായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ